**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3645** **05-08-2021 - ൽ മറുപടിയ്ക്ക്**

**സെക്ഷൻ ഓഫീസുകൾക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ, വെള്ളൂർ, പാടിച്ചാൽ, ചെറുപുഴ എന്നിവിടങ്ങളിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകൾക്ക് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | പയ്യന്നൂർ മണ്ഡലത്തിലെ പാടിയോട്ടുച്ചാലിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 30/12/2020-ൽ 69.30 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ചെറുപുഴ, വെള്ളൂർ എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സൗകര്യപ്രദമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ